**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **08-02-2023 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് മുഖേന പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തിന് ദൈനംദിനം ആവശ്യമായ പാലിന്റെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിന്റെ ജനസംഖ്യ അനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്റർ ആണ്. എന്നാൽ സംസ്ഥാനത്തു പ്രതിദിനം ഉല്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം(പാലക്കാട്), ആര്യങ്കാവ്(കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ സ്ഥിരം ചെക്ക്പോസ്റ്റുകളിലൂടെ 5.5 ലക്ഷം ലിറ്ററോളം പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം കേരളത്തിലേയ്ക്കെത്തുന്നുണ്ട്. തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്.<br><br>മിൽമ മേഖല യൂണിയനുകൾ വഴി, 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച്, പ്രതിദിനം ശരാശരി 1400430 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. മിൽമയുടെ പ്രതിദിന ശരാശരി വിൽപന 1535745 ലിറ്ററാണ്. വിപണി നിലനിർത്തുന്നതിനു വേണ്ടി മിൽമ അധികമായി ആവശ്യമുള്ള പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്നുണ്ട്. 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് പ്രതിദിനം 2,22,483 ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. |
| (സി) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയത് എന്നത്തേയ്ക്ക് നടപ്പിൽ വരുമെന്നും വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലുല്പാദന വർദ്ധനവിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5പശു യൂണിറ്റ്, 10 പശു |

യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകി വരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധന സഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി, കൂടാതെ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി എന്നീ നൂതന പദ്ധതികൾ വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീര വികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്.

കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗ ങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന

| | | | |
|---|---|---|---|
| | | | ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>പ്രകൃതി ക്ഷോഭങ്ങളും, കോവിഡ് പോലുള്ള മഹാമാരികളും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ടെങ്കിലും സ്ഥിരവരുമാനമെന്ന നിലക്ക് കൂടുതൽ കർഷകർ ഈ മേഖലയിലേക്ക് വരുന്ന സാഹചര്യത്തിൽ സമീപ ഭാവിയിൽ തന്നെ കേരളം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ